
# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...



നീതിവേദിയുടെ ഒരു പ്രവർത്തനവർഷം കൂടി അവസാനിക്കുകയാണ്. കഴിഞ്ഞ ഒരു വർഷം സന്തോഷത്തേക്കാൾ വിവിധ തരത്തിലുള്ള വേദനകളും സംഘർഷങ്ങളും നാമെല്ലാവരും അനുഭവിച്ച നാളുകൾ ആയിരുന്നു. മുണ്ടക്കൈ -ചൂരൽമല ഉരുൾപൊട്ടൽ വയനാട് ജില്ലയിൽ ഉണ്ടാക്കിയ പ്രതിസന്ധികൾ ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ജീവനും നാളിതുവരെ സ്വരുക്കൂട്ടിയതും നഷ്ടപ്പെട്ട നമ്മുടെ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു കൊണ്ട് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും കരുണയുടെ കരസ്പർശവുമായി ഇടപെടൽ നടത്തിയ ഏവരെയും നന്ദിയോടെ നമിക്കുന്നു. ആദിവാസി സമൂഹങ്ങൾക്കിടയിലും ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലും പ്രത്യേക ശ്രദ്ധ കൊടുത്തുള്ള നീതിവേദിയുടെ ഇടപെടലുകൾ സർക്കാർ വകുപ്പ് അധികാരികൾക്കും പൊതു സമൂഹത്തിനും എപ്പോഴും ഇഷ്ടപ്പെട്ടിരുന്നില്ല. നമ്മുടെ ഇടയിൽ നിലനിൽക്കുന്ന ആദിവാസികൾക്കെതിരെയുള്ള വിവേചനം അപകട മേഖലയിൽ പോലും പൂർണ്ണമായും മാറുന്നില്ല എന്നത് ദുഃഖകരമാണ്. മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന് ഇരകളായ നിരവധി പേർക്ക് ചികിത്സയ്ക്കും മറ്റുകാര്യങ്ങൾക്കുമായി പലരും പിന്തുച്ചതു കൊണ്ട് സഹായങ്ങൾ നൽകാൻ സാധിച്ചു. ഇനിയും ദുരന്തബാധിതരോടൊപ്പം നിലകൊള്ളാൻ നീതിവേദി പ്രതിജ്ഞാബദ്ധമാണ്.

നിരവധി വർഷങ്ങൾ നീതിവേദിയുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ ജോജി മാത്യുവിന്റെ അകാല നിര്യാണം നമ്മെ ഏറെ വേദനിപ്പിക്കുന്നതായിരുന്നു. ആദിവാസികളോട് പക്ഷം ചേർന്ന് ധീരതയോടെ പ്രവർത്തിച്ചു വന്നിരുന്ന ശ്രീ ജോജിക്ക് നീതിവേദി കുടുംബത്തിന്റെ ആദരാഞ്ജലികൾ നേരുന്നു.

നീതിവേദിയുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് പ്രതികൂലമായ പല സാഹചര്യങ്ങളും പുതിയ പ്രവർത്തനവർഷത്തിൽ നമുക്ക് നേരിടേണ്ടി വരും. എല്ലാവരുടെയും ആത്മാർത്ഥമായ പിന്തുണയും സഹായവും ഇതിനാവശ്യമാണ്. ഫണ്ടുകളുടെ ലഭ്യതക്കുറവ് തീർച്ചയായും സ്റ്റാഫ് അംഗങ്ങളുടെ ഇടപെടൽ കുറയാൻ കാരണമാവും. പീസ് കമ്മിറ്റികളും കോർ ടീം വോളണ്ടിയേഴ്സും തങ്ങളുടെ പഞ്ചായത്തുകളിൽ സജീവമായ ഇടപെടൽ നടത്താൻ തയ്യാറാകണം.

**എല്ലാവർക്കും**

**റംസാൻ, വിഷു, ഈസ്റ്റർ**

**ആശംസകൾ നേരുന്നു...**

# ജില്ലാ പീസ് ഫോറം




മാർച്ച് 17 ന് നീതിവേദി ഓഫീസിൽ വെച്ച് ജില്ലാ പീസ് ഫോറം മീറ്റിംഗ് നടന്നു. നീതിവേദി മുൻ കോർഡിനേറ്ററായിരുന്ന ശ്രീ ജോജി മാത്യുവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. ജില്ലാ പീസ് ഫോറം ചെയർമാൻ ശ്രീ കെ ഐ തോമസ് അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് തല പീസ്കമ്മറ്റി ചെയർമാൻ, കൺവീനർ, കോർ ടീം വോളണ്ടിയർമാർ എന്നിവർ പങ്കെടുത്തു. പഞ്ചായത്ത് തല പീസ് കമ്മറ്റി പ്രവർത്തനങ്ങൾ വിലയിരുത്തി. 2025-26 പ്രവർത്തന വർഷത്തിൽ പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരെ ഉൾപ്പെടുത്തി മെയ് 15 ന് മുമ്പായി പഞ്ചായത്ത് തല പീസ് കമ്മറ്റി മീറ്റിംഗുകൾ നടത്തുവാനും ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസികളുടെയും സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിനും താൽപ്പര്യമുള്ള വോളണ്ടിയർമാരെ കണ്ടെത്താനും അവർക്കുവേണ്ടി മെയ് 15 ന് ശേഷം പരിശീലന പരിപാടി സംഘടിപ്പിക്കാനും തീരുമാനിച്ചു. വിവിധ പഞ്ചായത്തുകളിൽ നിന്നുമുള്ള 37 പേർ മീറ്റിംഗിൽ പങ്കെടുത്തു.






# ക്രിസ്തുമസ് - പുതുവത്സര ആഘോഷം



ജനുവരി 1 ന് കരിങ്ങാരി വിദ്യാർത്ഥി സൗഹൃദ ക്ലബിൽ ക്രിസ്തുമസ്-പുതുവത്സര ആഘോഷം നടത്തി. ഫസിലിറ്റേറ്റർ കേക്ക് മുറിച്ച് കുട്ടികൾക്ക് വിതരണം ചെയ്തു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി അഖില നേതൃത്വം നൽകി.

ജനുവരി 4 ന് മീനങ്ങാടി പഞ്ചായത്ത് എസ് എ മജീദ് ഹാളിൽ വെച്ച് പീസ്കമ്മറ്റി-വിദ്യാർത്ഥി-വനിതാ സൗഹൃദ ക്ലബുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ക്രിസ്തുമസ്-പുതുവത്സര ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗിന്റെയും ശ്രീ എം ടി വാസുദേവൻ നായരുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. വിദ്യാർത്ഥി സൗഹൃദ ക്ലബ് അംഗങ്ങൾ ഈശ്വരപ്രാർത്ഥന ചൊല്ലി. പീസ് കമ്മറ്റി കൺവീനർ ശ്രീ എം ആർ ശശിധരൻ സ്വാഗതം ആശംസിച്ചു. ഊരുമൂപ്പൻ ശ്രീ നൂഞ്ചൻ അദ്ധ്യക്ഷത വഹിച്ച യോഗം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ ബേബി വർഗ്ഗീസ് കേക്ക് മുറിച്ച് ഉദ്ഘാടനം നടത്തി. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഉഷരാജേന്ദ്രൻ, മെമ്പർമാരായ ശ്രീമതി ശാന്തി സുനിൽ, ശ്രീ ലൗസൺ, ശ്രീമതി ലിസി പൗലോസ്, ശ്രീ ടി പി ഷിജു എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ക്ലബ് അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.







ജനുവരി 6 ന് വെള്ളമുണ്ട പഞ്ചായത്തിലെ കായലിങ്കൽ വനിതാ സൗഹൃദക്ലബ് അംഗങ്ങളുടെ മീറ്റിംഗും പുതുവത്സര ആഘോഷവും നടന്നു. ശ്രീമതി മാധവി സ്വാഗതം ആശംസിച്ചു. ശ്രീമതി ആശ അദ്ധ്യക്ഷത വഹിച്ചു. എല്ലാവരും ചേർന്ന് കേക്ക് മുറിച്ചു. ശ്രീമതി അമ്മിണി ബാലൻ നന്ദി പറഞ്ഞു. 13 പേർ പങ്കെടുത്തു.



# പീസ് കമ്മിറ്റി

ജനുവരി 8 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി ആയിഷ, കൗൺസിലർ സ്വാഗതം ആശംസിച്ചു. ശ്രീമതി നിജിത, ജോയിന്റ് കൺവീനർ അദ്ധ്യക്ഷത വഹിച്ചു. കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ നീതിവേദിയുടെ പ്രവർത്തന റിപ്പോർട്ട് ശ്രീമതി വൽസ ദേവസ്യ അവതരിപ്പിച്ചു. പഞ്ചായത്ത് പരിധിയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ശ്രീമതി ശോശാമ്മയും മറ്റ് കൗൺസിലർമാരും ചേർന്ന് ക്രിസ്തുമസ്-പുതുവത്സര കേക്ക് മുറിച്ചു. കോർ ടീം വോളണ്ടിയർ ശ്രീമതി ഷേർളി നന്ദി പറഞ്ഞു. പീസ് കമ്മറ്റി മീറ്റിംഗിൽ 13 പേർ പങ്കെടുത്തു.





ജനുവരി 25 ന് അമ്പലവയൽ പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. കൺവീനർ ശ്രീ വേലു സ്വാഗതം ആശംസിച്ചു. ചെയർമാൻ ശ്രീ സദാശിവൻ മാഷ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അഫ്സത്ത് മുഖ്യപ്രഭാഷണം നടത്തി. അമ്പലവയൽ പഞ്ചായത്തിലെ നീതിവേദി യുടെ പ്രവർത്തന റിപ്പോർട്ട് ശ്രീമതി മിനി സാജു അവതരിപ്പിച്ചു. പഞ്ചായത്ത് പരിധി യിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. കോർ ടീം വോളണ്ടിയർ ശ്രീമതി വൽസ തങ്കച്ചൻ നന്ദി പറഞ്ഞു.









ജനുവരി 29 ന് വെള്ളമുണ്ട പഞ്ചായ ത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. കോർ ടീം വോളണ്ടിയർ ശ്രീമതി ലതിക സ്വാഗതം ആശംസിച്ചു. ശ്രീ ചന്ദ്രശേഖരൻ അദ്ധ്യക്ഷത വഹിച്ചു. വെള്ളമുണ്ട പഞ്ചായത്തിലെ നീതിവേദിയുടെ പ്രവർത്തന റിപ്പോർട്ട് ശ്രീമതി ഇന്ദുലേഖ അവതരിപ്പിച്ചു. പഞ്ചായത്ത് പരിധിയിലെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ശ്രീ അബ്ദുള്ള നന്ദി പറഞ്ഞു. പീസ് കമ്മറ്റി മീറ്റിം ഗിൽ 21 പേർ പങ്കെടുത്തു.

ഫെബ്രുവരി 15 ന് പൂതാടി പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. പീസ് കമ്മറ്റി ചെയർമാൻ ശ്രീ ഷാന്റി പൂതാടി അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മിനി പ്രകാശൻ ഉത്ഘാടനം ചെയ്തു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, ലഹരി ഉപയോഗം എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി. ജില്ലാ ശിശു സംരക്ഷണ ഓഫീസർ, ശ്രീ റെയ്സൺ എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് സംസാരിച്ചു. പൂതാടി പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീമതി മിനി സാജു വിശദീകരിച്ചു. ശ്രീമതി ലിജിന നന്ദി പറഞ്ഞു.









ഫെബ്രുവരി 17 ന് നെൻമേനി പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിന്ദു അനന്തൻ അദ്ധ്യക്ഷത വഹിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, ശൈശവ വിവാഹം എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി. നെൻമേനി പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീമതി മിനി സാജു വിശദീകരിച്ചു. ശ്രീ ഡോൺ നന്ദി പറഞ്ഞു. 14 പേർ പങ്കെടുത്തു.





ഫെബ്രുവരി 18 ന് നൂൽപ്പുഴ പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. പീസ് കമ്മറ്റി കൺവീനർ ശ്രീമതി അഖില സ്വാഗതം ആശംസിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക്, മറ്റ് പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി. നെൻമേനി പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീമതി മിനി സാജു വിശദീകരിച്ചു. ശ്രീ ഡോൺ നന്ദി പറഞ്ഞു.

ഫെബ്രുവരി 24 ന് തിരുനെല്ലി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് വയൽക്കര ഓലിയോട് ഊരിൽ വെച്ച് നടന്നു. ശ്രീ അസീസ് സ്വാഗതം ആശംസിച്ചു. തിരുനെല്ലി പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീമതി ഇന്ദുലേഖ വിശദീകരിച്ചു. പീസ് കമ്മറ്റി ചെയർമാനായി ശ്രീ അസീസ്, കൺവീനറായി ശ്രീ പാപ്പച്ചൻ എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി ലീലാമ്മ നന്ദി പറഞ്ഞു. 11 പേർ പീസ് കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു.









ഫെബ്രുവരി 24 ന് പൊഴുതന പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. ശ്രീ മണി സ്വാഗതം ആശംസിച്ചു. ശ്രീ കെ വി ബാബു, പഞ്ചായത്ത് വൈസ് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് സംബ- ന്ധിച്ച ചർച്ചകൾ നടത്തി. പൊഴുതന പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീ ജ്യോതിഷ് കുമാർ വിശദീകരിച്ചു. ശ്രീ വേലായുധൻ നന്ദി പറഞ്ഞു. 15 പേർ പീസ് കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.





മാർച്ച് 22 ന് വേങ്ങപ്പള്ളി പഞ്ചായത്തിൽ വെച്ച് പീസ് കമ്മറ്റി മീറ്റിംഗ് നടത്തി. ശ്രീമതി ജ്യോതി സ്വാഗതം ആശംസിച്ചു. ശ്രീ തോമസ് എ കെ, ചെയർമാൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രേണുക ഉത്ഘാടനം ചെയ്തു സംസാരിച്ചു. വേങ്ങപ്പള്ളി പഞ്ചായത്തിൽ നീതിവേദി ഇടപെടൽ നടത്തിയ വിവരങ്ങൾ ശ്രീ ജ്യോതിഷ് കുമാർ വിശദീകരിച്ചു. ആദിവാസി ഊരുക ളിലെ ലഹരി ഉപയോഗം സംബന്ധിച്ച വിഷയങ്ങൾ ചർച്ചകൾ നടത്തി. ശ്രീമതി ശരണ്യ നന്ദി പറഞ്ഞു. 12 പേർ പീസ് കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.

# വനിതാ സൗഹൃദകൂട്ടായ്മ

ഫെബ്രുവരി 9 ന് കമ്പളക്കാട് എ. പി.ജെ നഗർ വനിതാ സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി ഫസീല സ്വാഗതം ആശംസിച്ചു. ശ്രീമതി ജൂബിലി അദ്ധ്യക്ഷത വഹിച്ചു. വനിതാ ദിനാഘോഷ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. ശ്രീമതി ജസ്ന നന്ദി പറഞ്ഞു. 10 അംഗങ്ങൾ പങ്കെടുത്തു.





ഫെബ്രുവരി 9 ന് മീനങ്ങാടി അടിച്ചിലാടി വനിതാ സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി ലിമ സ്വാഗതം ആശംസിച്ചു. ശ്രീമതി വസന്ത, പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. വനിതാദിനാഘോഷ പരിപാടി കളെക്കുറിച്ച് ചർച്ച ചെയ്തു. ശ്രീമതി അനിത നന്ദി പറഞ്ഞു. 12 അംഗങ്ങൾ പങ്കെടുത്തു.

ഫെബ്രുവരി 10 ന് മുട്ടിൽ പരിയാരം വനിതാ സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി ഖദീജ സ്വാഗതം ആശംസിച്ചു. ശ്രീമതി ആയിഷാബി അദ്ധ്യക്ഷത വഹിച്ചു. വനിതാദിനാ ഘോഷ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ശാലു നന്ദി പറഞ്ഞു. 15 അംഗങ്ങൾ പങ്കെടുത്തു.



ഫെബ്രുവരി 11 ന് മീനങ്ങാടി താഴത്തുവയൽ വനിതാ സൗഹൃദ കൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി മേഴ്സി സ്വാഗതം ആശംസിച്ചു. ശ്രീമതി അനു അദ്ധ്യക്ഷത വഹിച്ചു. വനി താദിനാഘോഷ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. ഇന്റേൺഷിപ്പ് വിദ്യാർത്ഥി കൾ വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ടെൽന നന്ദി പറഞ്ഞു. 11 അംഗങ്ങൾ പങ്കെടുത്തു.



ഫെബ്രുവരി 20 ന് മീനങ്ങാടി മാറ്റൊലി വനിതാ സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടന്നു. ശ്രീമതി അമ്മിണി സ്വാഗതം ആശംസിച്ചു. ശ്രീമതി സുജാത അദ്ധ്യക്ഷത വഹിച്ചു. വനിതാദിനാഘോഷ പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു. ഇന്റേൺഷിപ്പ് വിദ്യാർത്ഥിയായ കെവിൻ നന്ദി പറഞ്ഞു. 12 അംഗങ്ങൾ പങ്കെടുത്തു.



# അന്തർദേശീയ വനിതാ ദിനാചരണം










ഫെബ്രുവരി 25 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ അന്തർദേശീയ വനിതാ ദിനാചരണം സംഘടിപ്പിച്ചു. നീതിവേദി ഫീൽഡ് സ്റ്റാഫ്, ശ്രീമതി വൽസ ദേവസ്യ സ്വാഗതം ആശംസിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് അദ്ധ്യക്ഷത വഹിച്ച യോഗം റിട്ടയേർഡ് എ.എസ്.ഐ ശ്രീമതി വിനയ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ആയിഷാബി, മീനങ്ങാടി പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ശ്രീമതി ഉഷ രാജേന്ദ്രൻ, കൽപ്പറ്റ മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീമതി വൽസല, കാക്കവയൽ നസറത്ത് കോൺവെന്റ് മദർ സുപ്പീരിയർ സി.സുമ എസ്.സി.എൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. നാടൻ പാട്ട്, ഗ്രൂപ്പ് ഡാൻസ്, ക്വിസ് മത്സരം എന്നിവ വനിതകൾക്കായി സംഘടിപ്പിച്ചു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.ജോമോൾ ജോയി നന്ദി പറഞ്ഞു. വനിതാ സൗഹൃദ ക്ലബ്, കോർ ടീം അംഗങ്ങൾ എന്നിവരടങ്ങിയ 86 പേർ പങ്കെടുത്തു.









# വിദ്യാർത്ഥി സൗഹൃദകൂട്ടായ്മ

ഫെബ്രുവരി 6 ന് മീനങ്ങാടി പഞ്ചായത്തിലെ ആർമാട് വിദ്യാർത്ഥി സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ പരിപാടിക്ക് നേതൃത്വം നൽകി. കുട്ടികൾക്ക് വിവിധ ഗെയിമുകൾ നടത്തി.







ഫെബ്രുവരി 15 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത് വിദ്യാർത്ഥി സൗഹൃദകൂട്ടായ്മ അംഗങ്ങളുടെ പരിപാടി സംഘടിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീമതി അഖില സ്വാഗതം ആശംസിച്ചു. കോർ ടീം വോളണ്ടിയർ ശ്രീ ശിവരാമൻ അദ്ധ്യക്ഷത വഹിച്ചു. ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ കുട്ടികൾക്ക് വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. കുട്ടികൾക്കും രക്ഷിതാക്കൾക്കും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ലഹരിക്കെതിരെയുമുള്ള ബോധവത്ക്കരണ ക്ലാസ്സ് നൽകി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനങ്ങൾ നൽകി. ശ്രീ നിബിൻ നന്ദി പറഞ്ഞു. 27 പേർ പരിപാടിയിൽ പങ്കെടുത്തു.

ഫെബ്രുവരി 22 ന് എടവക പഞ്ചായത്തിലെ ചെറുവയൽ വിദ്യാർത്ഥി സൗഹൃദ സൗഹൃദ കൂട്ടായ്മ കുട്ടികളുടെ പരിപാടി സംഘടിപ്പിച്ചു. ഫസിലിറ്റേറ്റർ ശ്രീ സുനിൽ സ്വാഗതം ആശംസിച്ചു. ഇന്റേൺഷിപ്പ് വിദ്യാർത്ഥികൾ നേതൃത്വം നൽകി. കുട്ടികൾക്ക് വിവിധ കളികളും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സും സംഘടിപ്പിച്ചു. 21 പേർ പങ്കെടുത്തു.





# ഹാപ്പിനെസ്സ് പ്രോഗ്രാം









ഫെബ്രുവരി 19 ന് വെള്ളമുണ്ട പഞ്ചായത്തിലെ മംഗലശ്ശേരിമല ഗവ.എൽ പി സ്ക്കൂളിൽ നീതിവേദിയുടെ നേതൃത്വത്തിൽ ഹാപ്പിനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. ഹെഡ്മിസ്ട്രസ്സ് ശ്രീമതി ശ്രീലത ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗം വാർഡ് മെമ്പർ ശ്രീമതി ഷൈജി ഷിബു ഉദ്ഘാടനം ചെയ്തു. പീസ് കമ്മറ്റി അംഗം ശ്രീ ചന്ദ്രശേഖരൻ ആശംസകൾ നേർന്നു സംസാരിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ്, കമ്മറ്റഡ് സോഷ്യൽ വർക്കർ ശ്രീ ചന്ദ്രൻ, ഇന്റേൺഷിപ്പ് വിദ്യാർത്ഥികളായ ശ്രീ എബിൻ, ശ്രീമതി പ്രാർത്ഥന, ശ്രീമതി ശാലു എന്നിവർ പ്രോഗ്രാമിന് നേതൃത്വം നൽകി. 16 വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പി റ്റി എ പ്രതിനിധികൾ, പ്രൊമോട്ടർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ശ്രീ എബിൻ നന്ദി പറഞ്ഞു.









# കൊഴിഞ്ഞ് പോക്ക്





ജനുവരി 18 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ എം.ജി.റ്റി ഹാളിൽ വെച്ച് ആദിവാസി വിദ്യാർത്ഥികളുടെ സ്ക്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതുമായി ബന്ധപ്പെട്ട് മീറ്റിംഗ് നടത്തി. ശ്രീ ബിജു കാക്കത്തോട് സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. ശ്രീ ഇ.ജി ജോസഫ്, റിട്ട.ജോയിന്റ് ഡയറക്ടർ, പട്ടിക വർഗ്ഗ വകുപ്പ് മുഖ്യ പ്രഭാഷണം നടത്തി. കൽപ്പറ്റ മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീമതി വൽസല ആശംസകൾ നേർന്നു സംസാരിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ ശാക്തീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായ വിവിധ പ്രതിനിധികൾ കൊഴിഞ്ഞുപോക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചു. തുടർന്ന് നടത്തിയ ചർച്ചയിൽ സാധിക്കുന്ന ഊരുകളിൽ നിന്നുള്ള വോളണ്ടിയേഴ്സിനെ കണ്ടെത്തി പരിശീലനം നൽകാനും ജില്ലയിലെ ഏറ്റവും കൂടുതൽ ആദിവാസി വിദ്യാർത്ഥികളുള്ള സ്ക്കൂളുകൾ സന്ദർശിച്ച് മോഡൽ നെറ്റ്‌വർക്ക് രൂപീകരിക്കാനും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് മാതാപിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാനും തീരുമാനിച്ചു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 48 പേർ പങ്കെടുത്തു.

# ഗവേർണിംഗ് ബോഡി മീറ്റിംഗ്



മാർച്ച് 17 ന് ഉച്ചകഴിഞ്ഞ് 2.30 ന് നീതിവേദി ഓഫീസിൽ വെച്ച് ഗവേർണിംഗ് ബോഡി അംഗങ്ങളുടെയും സ്റ്റാഫ് അംഗങ്ങളുടെയും മീറ്റിംഗ് നടന്നു. ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു.

നീതിവേദി പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. നീതിവേദി മുൻ കോർഡിനേറ്ററായിരുന്ന ശ്രീ ജോജി മാത്യുവിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഗവേർണിംഗ് ബോഡി അംഗങ്ങളായ ഫാ.തോമസ് തേരകത്തിന്റെയും ശ്രീമതി മിനി വാഴവറ്റയുടെയും ആരോഗ്യ സ്ഥിതികളെക്കുറിച്ച് വിശദീകരിച്ചു. നീതിവേദി പ്രവർത്തനങ്ങൾ വിലയിരുത്തി. മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ ശ്രീമതി ഫ്ളയ്സി ജോസ് വിശദീകരിച്ചു. 2025 ഏപ്രിൽ മാസം 30 ന് വാർഷിക ജനറൽ ബോഡി യോഗം നടത്താൻ തീരുമാനിച്ചു. അഡ്വ.ജോമോൾ ജോയി നന്ദി പറഞ്ഞു. യോഗത്തിൽ 13 പേർ പങ്കെടുത്തു.

# ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ജനുവരി 7,8,9 തിയതികളിലായി മേപ്പാടി മുണ്ടക്കൈ-ചൂരൽമല ദുരന്തവുമായി ബന്ധപ്പെട്ട് രോഗികളായി കഴിയുന്ന 14 പേരുടെ വീടുകളിൽ പോയി വിവരശേഖരണം നടത്തി. ശ്രീ ജ്യോതിഷ് കുമാർ, ശ്രീമതി വൽസ, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ നേതൃത്വം നൽകി.



ജനുവരി 30 ന് നീതിവേദിയുടെ ആഭിമുഖ്യത്തിൽ ന്യൂയോർക്കിലെ കേരള സെന്ററിന്റെ സഹായത്തോടെ മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരായ 30 രോഗികൾക്ക് 50,000 രൂപ വീതം ചികിത്സാ സഹായം കൈമാറി. ക്യാൻസർ, കിഡ്നി, കിടപ്പ് രോഗികൾ തുടങ്ങിയവർക്കാണ് സാമ്പത്തിക സഹായം നൽകിയത്. മേപ്പാടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി രാധ അദ്ധ്യക്ഷത വഹിച്ച യോഗം പ്രസിഡന്റ് ശ്രീ ബാബു കെ ഉത്ഘാടനം ചെയ്തു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു സ്വാഗതം ആശംസിച്ചു. ശ്രീ അലക്സ് എസ്തപ്പാൻ, പ്രസിഡന്റ്, കേരള സെന്റർ ആമുഖ പ്രസംഗം നടത്തി. ശ്രീ നാസർ ബി (വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ), ശ്രീ രാജു (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ), ശ്രീമതി രാധമണി (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ), ശ്രീ മനോജ് (ചൂരൽമല ആക്ഷൻ കമ്മറ്റി പ്രതിനിധി), ശ്രീ തോമസ് പാലത്തറ (ബോർഡ് മെമ്പർ, കേരള സെന്റർ) എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. മുണ്ടക്കൈ - ചൂരൽമല ദുരന്തസമയങ്ങളിലെ നിസ്വാർത്ഥമായ സേവനത്തിന് മേപ്പാടി ഗ്രാമപഞ്ചായത്തിനെ നീതിവേദി ആദരിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് നന്ദി പറഞ്ഞു. പരിപാടിയിൽ 72 പേർപങ്കെടുത്തു.



ജനുവരി 31 ന് മുണ്ടക്കൈ – ചൂരൽമല ദുരന്തബാധിതയായ കല്ലു പാടി താമസിക്കുന്ന ഉമ്മുസൽമക്ക് നീതിവേദി പ്രവർത്തകർ 5,000 രൂപ ചികിത്സാ സഹായം നൽകി.



ഫെബ്രുവരി 14 ന് മേപ്പാടി മുണ്ടക്കൈ ദുരന്തബാധിതരായ 19 പേരുടെ വീടുകൾ സന്ദർശിച്ചു. 18 പേർക്ക് ചികിത്സാ സഹായം കൈമാറി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ജൂബിലി, ശ്രീ അനീഷ് ബാബു, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി.













ഫെബ്രുവരി 14 ന് മേപ്പാടി പഞ്ചായത്തിലെ ഏറാട്ടുകുണ്ട് ഊരിലെ കാട്ടാന കൊലപ്പെടുത്തിയ ബാലകൃഷ്ണന്റെ വിവരങ്ങൾ നീതിവേദി പ്രവർത്തകർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബാബു കെ എന്നവരുമായി സംസാരിച്ചു. ഏറാട്ടുകുണ്ട് നിവാസികൾക്ക് ആവശ്യമായ സാധനങ്ങൾ ഫെബ്രുവരി 21 ന് നൽകാനും അവരെ പഞ്ചായത്ത് പ്രതിനിധികളോടൊപ്പം സന്ദർശിക്കാനും തീരുമാനിച്ചു.

ഫെബ്രുവരി 18 ന് മേപ്പാടി മുണ്ടക്കൈ ദുരന്തബാധിതരായ 16 പേരുടെ വീടുകൾ സന്ദർശിച്ചു. 16 പേർക്ക് ചികിത്സാ സഹായം കൈമാറി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ അനീഷ് ബാബു, ശ്രീ ജ്യോതിഷ് കുമാർ, ഇന്റേൺഷിപ്പ് വിദ്യാർത്ഥിയായ ശ്രീ സാവിയോ എന്നിവർ നേതൃത്വം നൽകി.







ഫെബ്രുവരി 21 ന് മേപ്പാടി മുണ്ടക്കൈ ദുരന്തബാധിതരായ 2 പേരുടെ വീടുകൾ സന്ദർശിച്ചു ചികിത്സാ സഹായം കൈമാറി.

ഫെബ്രുവരി 21 ന് മേപ്പാടി പഞ്ചായത്തിലെ അട്ടമല പാടിയിൽ താമസിക്കുന്ന ഏറാട്ടുകുണ്ട് ഊര് സന്ദർശിച്ചു. കാട്ടാന ആക്രമണത്തിൽ മരണമടഞ്ഞ ബാലകൃഷ്ണന്റെ കുടുംബത്തെ കണ്ട് സംസാരിച്ചു. അഞ്ച് കുടുംബങ്ങൾക്ക് ഫുഡ് കിറ്റ്, വസ്ത്രങ്ങൾ എന്നിവ നൽകി. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ബാബു കെ, ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ. ജോമോൾ ജോയി, സി. സുമ, ശ്രീ ജ്യോതിഷ് കുമാർ, ശ്രീ അനീഷ് ബാബു എന്നിവർ നേതൃത്വം നൽകി.











മാർച്ച് 5 ന് മുണ്ടക്കൈ ദുരന്തബാധിതരായ 14 രോഗികളുടെ വീട് നീതിവേദി പ്രവർത്തകർ സന്ദർശിച്ച് ചികിത്സാ സഹായം നൽകി.







# മറ്റ് പ്രവർത്തനങ്ങൾ

ജനുവരി 3 ന് മീനങ്ങാടി പഞ്ചായത്തിലെ മാനിവയൽ ശ്രീനന്ദനം പ്രശാന്തിനിക്കും അമ്മ ശാന്തക്കും വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ, ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി മിനി സാജു എന്നിവർ ചേർന്ന് നീതിവേദി യുടെ ചികിത്സാ സഹായം കൈമാറി. പ്രശാന്തിനിയും അമ്മയും ക്യാൻസർ ബാധിതരായി ചികിത്സയിലാണ്.



ജനുവരി 4 ന് മുട്ടിൽ പഞ്ചായത്തിലെ മഠംകുന്ന് ഊരിലെ പത്താംക്ലാസ്സ് വിദ്യാർത്ഥിനിയായ ശ്യാമക്ക് സൗരോർജ്ജ വിളക്കും കാൽക്കുലേറ്ററും നൽകി.

ജനുവരി 7 ന് ശ്രീ ടി സിദ്ധിഖ് എം.എൽ.എ യെ ശ്രീമതി വൽസ, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ നേരിൽ കണ്ട് നീതിവേദി തയ്യാറാക്കിയ ആദി വാസി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമടങ്ങിയ കർമ്മപദ്ധതി നൽകി.

ജനുവരി 23 ന് തിരുനെല്ലിയിൽ ആദിവാസി വീട്ടമ്മയെ പീഡിപ്പിച്ച വിഷയത്തിൽ നീതിവേദി പ്രവർത്തകരായ ശ്രീമതി ഇന്ദുലേഖ, കോർ ടീം വോളണ്ടിയർ ശ്രീ അസീസ് എന്നിവർ അന്വേഷണം നടത്തി.

ജനുവരി 28 ന് കേരള സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗ കമ്മീഷന്റെ പരാതി പരിഹാര അദാലത്തിൽ നീതിവേദി സമർപ്പിച്ച രണ്ട് പരാതികൾ പരിഗണിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ ദേവസ്യ എന്നിവരും കുടക് പ്രശ്നത്തിലെയും കൈനാട്ടി ആശുപത്രിയിൽ വെച്ച് മരണമടഞ്ഞ അമൃത യുടെ കുടുംബാംഗങ്ങളും അദാലത്തിൽ പങ്കെടുത്തു.

ജനുവരി 23 ന് സുഖമില്ലാതെ ചികിത്സയിലായിരിക്കുന്ന നീതിവേദി ഗവേർണിംഗ് ബോഡി അംഗമായ ശ്രീമതി മിനി വാഴവറ്റയെ ശ്രീമതി ഫ്ളയ്സി ജോസ്, സി.ജോയ്സി, ശ്രീമതി വൽസ, ശ്രീമതി ജൂബിലി എന്നിവർ സന്ദർശിച്ചു.




ഫെബ്രുവരി 6 ന് പന്തളം ഊരിലെ വിദ്യാർത്ഥിക്ക് സ്ക്കൂൾ ബാഗ് വാങ്ങി നൽകി.



ഫെബ്രുവരി 11 ന് ബത്തേരി ടൗൺ ഹാളിൽ വെച്ച് നടന്ന മനുഷ്യാവകാശ കമ്മീഷൻ സിറ്റിംഗിൽ നീതിവേദി സമർപ്പിച്ച കുടക് വിഷയവുമായി ബന്ധപ്പെട്ട പരാതി ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ബിജു കാക്കത്തോട് എന്നിവർ വിശദീകരിച്ചു. ഐ.റ്റി.ഡി.പി പ്രോജക്ട് ഓഫീസർക്ക് സമൻസ് അയക്കാൻ കമ്മീഷൻ ഉത്തരവിട്ടു.

മാർച്ച് 1 ന് കാക്കവയൽ തണൽ ഡയാലിസിസ് സെന്ററിൽ വെച്ച് സൈക്യാട്രിക് ഡോക്ടറുടെ നേതൃത്വത്തിൽ നടന്ന മീറ്റിംഗിൽ നീതിവേദി പ്രവർത്തകരായ ശ്രീമതി ഫ്ളയ്സി ജോസ്, അഡ്വ.ജോമോൾ ജോയി, ശ്രീമതി വൽസ ദേവസ്യ, ശ്രീമതി മിനി സാജു എന്നിവർ പങ്കെടുത്തു.




മാർച്ച് 3 ന് പുൽപ്പള്ളി പാമ്പ്ര ഊരിലെ സുശീല എന്നവർക്കും മൂന്ന് പെൺകുട്ടികൾക്കും വസ്ത്രങ്ങൾ വാങ്ങി നൽകി.



മാർച്ച് 11 ന് പൊൻകുഴി യൂത്ത് ക്ലബ് അംഗങ്ങളും നീതിവേദി പ്രവർത്തകരും തമ്മിലുള്ള മീറ്റിംഗ് നടന്നു. പൊൻകുഴി യൂത്ത് ക്ലബ് അംഗങ്ങളുടെ ആവശ്യപ്രകാരം നാസിക് ഡോൾ വാങ്ങി നൽകാൻ തീരുമാനിച്ചു.

മാർച്ച് 25 ന് പാമ്പ്ര മരിയനാട് സമര ഭൂമിയിൽ താമസിക്കുന്ന 4 ആദിവാസി കുടുംബങ്ങൾക്ക് (മധു, ബാലൻ, സിന്ദു, ബിന്ദു) 8 സോളാർ ലൈറ്റ് നൽകി. ശ്രീ അനീഷ് ബാബു, ശ്രീ ബിജു കാക്കത്തോട് എന്നിവർ നേതൃത്വം നൽകി.






# ഇന്റേൺഷിപ്പ്



ഫെബ്രുവരി 1 ന് കോട്ടയം ജില്ലയിലെ ചേർപ്പുങ്കൽ ബിഷപ് വയലിൽ മെമ്മോറിയൽ ഹോളി ക്രോസ് കോളേജിലെ മൂന്നാം വർഷ ബി.എസ്.ഡബ്ല്യൂ വിദ്യാർത്ഥികളായ 7 വിദ്യാർത്ഥികളും ബാംഗ്ലൂർ സെന്റ് ജോസഫ് ലോ കോളേജിലെ 2 വിദ്യാർത്ഥികളും ഒരു മാസത്തെ ഇന്റേൺഷിപ്പിന് നീതിവേദിയിൽ എത്തി.

ശ്രീമതി ഫ്ളയ്സി ജോസ് നീതിവേദിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ഫെബ്രുവരി 28 ന് നീതിവേദി ഓഫീസിൽ വെച്ച് ഇന്റേൺഷിപ്പ് വിദ്യാർത്ഥികളുടെ ഇവാല്യുവേഷൻ നടത്തി.

# ആദരാഞ്ജലികൾ



## ജോജി മാത്യു (66)

നീതിവേദിയുടെ മുൻ സ്റ്റേറ്റ് കോർഡിനേറ്ററും തൊടുപുഴ ബ്രാഞ്ചിലെ അസിസ്റ്റന്റ് ഡയറക്ടറുമായിരുന്ന ശ്രീ ജോജി മാത്യുവിന് നീതിവേദി കുടുംബാംഗങ്ങളുടെ ആദരാഞ്ജലികൾ










**NEETHI VEDHI**
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org